(9) ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഇവയുടെ ആഡിറ്റ് ഭരണഘടനാനുസൃതമായി അക്കൗണ്ടന്റ് ജനറലിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ചാണ് നടന്നുവരുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ഇ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കും വിപുലീകരണത്തിനുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ്. ഇതിനാവശ്യമായ ധനം സ്വരൂപിക്കുന്നതിനുവേണ്ടി കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരിക്കുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചു കഴിഞ്ഞു. ഈ ഫണ്ടിനാവശ്യമായ സ്കീം തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ധനസഹായം ലഭിക്കുമ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഉൽപ്പന്ന വൈവിധ്യവൽക്കരണം മുതലായ പദ്ധതികൾ മുഖേന ലാഭത്തിലാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുകൂടാതെ വിവിധ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി വിദഗ്ധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. തുണിവ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി അതിന്റെ പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പെർഫോർമൻസ് കോൺട്രാക്ട് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും വിശകലനം നടത്തിവരുന്നുണ്ട്.

8 (1728) കെ.എസ്.ഐ.ഡി.സി.യുടെ ഓഹരികൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി.യ്ക്കുണ്ടായിരുന്ന ഓഹരികൾ ഡിസ് ഇൻവെസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കമ്പനികളിലെ ഓഹരികളാണ് ഡിസ് ഇൻവെസ്റ്റ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ സംയുക്തമേഖലയിൽ കോർപ്പറേഷന് എത്ര കമ്പനികളാണുള്ളത്; ഇതിൽ കോർപ്പറേഷന്റെ ഓഹരി എത്ര ശതമാനം ആണ്;

(ഡി) കേരള ധനകാര്യകോർപ്പറേഷനിൽ ചെറുകിട ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിന് 1998-99ൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകൾ അംഗീകരിച്ചുവെന്നും ഇവർക്കായി എന്തു തുക വിതരണം ചെയ്തുവെന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കെ.എഫ്.സി. വിതരണം ചെയ്ത തുകയിൽ എന്തു തുക ഇതുവരെ പിരിഞ്ഞുകിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 116 കമ്പനികൾ. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) പൂർണ്ണവിവരം ലഭിച്ചിട്ടില്ല. ഇത് ജില്ലാ ഓഫീസുകളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

(ഇ) കെ.എഫ്.സി. വിതരണം ചെയ്ത തുകയിൽ ഇതുവരെ 69345 ലക്ഷം രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

9 (1730) സംസ്ഥാനത്തെ വ്യവസായ പാർക്കുകൾ

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം എത്ര വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു എന്നും എവിടെയൊക്കെയാണെന്നും അറിയിക്കുമോ:

(ബി) ഓരോ വ്യവസായ പാർക്കിലും എന്തൊക്കെ സൗകര്യങ്ങളാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വ്യവസായ പാർക്കിനാവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കുന്ന എല്ലാ മണ്ഡലങ്ങളിലും വ്യവസായ പാർക്കുകൾ സ്ഥാപിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

(ബി) ഓരോ വ്യവസായ പാർക്കിലും അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വിദ്യുച്ഛക്തി, കിണർ, വാട്ടർടാങ്ക്, പമ്പ് ഹൗസ്, ജലവിതരണ കുഴലുകൾ, ചുറ്റുമതിൽ, മുള്ളുവേലി എന്നിവയാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. വ്യവസായം തുടങ്ങുന്നതിനാവശ്യമായ ഏകജാലക സംവിധാനംവഴി ലൈസൻസ് ലഭിക്കുന്നതിനുവേണ്ട സഹായവും ചെയ്യുന്നതാണ്.

10 (1731) കുണ്ടറ അലിൻഡ്

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ അലിൻഡിന് സംസ്ഥാനത്ത് എത്ര യൂണിറ്റുകളുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly